പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 609
11.12.2012–ലെ മറുപടിക്ക്

തൃക്കരിപ്പൂർ സബ് ട്രഷറി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ തൃക്കരിപ്പൂർ കേന്ദ്രീകരിച്ച് ഒരു സബ് ട്രഷറി അനുവദിക്കുന്നതു സംബന്ധിച്ച നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും നേരത്തേ ഇവിടെയുണ്ടായിരുന്ന വൺമാൻ ട്രഷറി നിർത്തലാക്കാനുണ്ടായ കാരണമെന്താണെന്നും വ്യക്തമാക്കുമോ ? | തൃക്കരിപ്പൂർ സബ് ട്രഷറി ആരംഭിക്കുന്നത് സംബന്ധിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. വൺമാൻ ട്രഷറികൾ പെൻഷൻ വിതരണത്തിനു വേണ്ടി മാത്രം പ്രവർത്തിക്കുന്നവയായിരുന്നു. പി.ടി.എസ്.ബി അക്കൗണ്ടിൽ നിന്നും ചെക്ക് ഉപയോഗിച്ച് പെൻഷൻ വാങ്ങാവുന്ന സമ്പ്രദായം നിലവിൽ വന്നതോടെ മെസഞ്ചർ വഴിയായാലും പെൻഷണർക്ക് മാതൃ ട്രഷറിയിൽ നിന്നും പെൻഷൻ ലഭിക്കുമെന്നുള്ളതിനാൽ 24.08.2011 തീയതിയിലെ സ.ഉ (സാധാ) നം:6538/11/ധന ഉത്തരവു പ്രകാരം തൃക്കരിപ്പൂർ ഉൾപ്പെടെയുള്ള പത്ത് ഏകാംഗ ട്രഷറികൾ നിർത്തലാക്കുകയുണ്ടായി. |

ഡെപ്യൂട്ടി സെക്രട്ടറി